# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4213 24.06.2019 ലെ മറുപടി**

## ജലസേചന വകുപ്പിലെ എച്ച്.ആർ., സി.എൽ.ആർ.,എസ്.എൽ.ആർ., ജീവനക്കാർ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ജലസേചന വകുപ്പിൽ എച്ച്.ആർ. (ഹാൻഡ് റെസിപ്റ്റ്),സി.എൽ.ആർ. (കാഷ്വൽ ലേബർ റോൾ ),എസ്.എൽ.ആർ. (സീസണൽ ലേബർ റോൾ) എന്നീ പേരുകളിൽ ജോലി ചെയ്തുവരുന്ന എത്ര ജീവനക്കാരുണ്ടെന്നും ഇവർ എത്ര കാലമായി ജോലിയിലുണ്ടെന്നും വ്യക്തമാക്കാമോ; | (എ) ജലസേചന വകുപ്പിലെ സ്ഥിരമായി വരുന്ന ജോലികൾ അല്ലാതെ അത്യാവശ്യ ജോലികൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്ന ആൾക്കാർ എച്ച്.ആർ.ജോലിക്കാർ എന്നറിയപ്പെടുന്നു. മാസത്തിൽ ആവശ്യത്തിനനുസരിച്ച് കുറച്ച് ദിവസങ്ങൾ മാത്രമാണ് ഇവരെ നിയോഗിക്കുന്നത്. ഒരേ ആളുകളെ തന്നെ എല്ലാക്കാലത്തും പ്രസ്തുത ജോലികൾക്കായി നിയോഗിക്കാറില്ല. ജോലിയുടെ ആവശ്യകത അനുസരിച്ച് ലഭ്യമായ ആളുകളെയാണ് ജോലിക്കായി നിയോഗിക്കുന്നത്. ഇവർ താൽക്കാലിക ജോലികൾ ചെയ്യുന്നവരും ദിവസ വേതനം മസ്റ്റർ റോൾ പ്രകാരം കൈപ്പറ്റുന്നവരുമാണ്. സ്റ്റാഫ് ഇൻഡക്സ് പ്രകാരം 944 എസ്.എൽ.ആർ ജീവനക്കാർ വകുപ്പിൽ നിലവിലുണ്ട്. ഇവർ വിവിധ കാലങ്ങളിലാണ് എസ്.എൽ.ആർ ആയി സ്ഥിരപ്പെടുത്തപ്പെട്ടത്. അവിഭക്ത പൊതുമരാമത്ത് വകുപ്പ് മുതൽ തുടർന്നു വരുന്നു. |
| (ബി) ഇവർ എന്തെല്ലാം ജോലികളാണ് ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ; | (ബി) ആവശ്യഘട്ടങ്ങളിൽ ജലസേചനത്തിനായി കനാലുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്യണം. കനാലുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുവാനും കാടുവെട്ടുവാനും മണ്ണ് നീക്കം ചെയ്യുവാനും എച്ച്.ആർ-കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കാറുണ്ട്. എൽ.ഐ.സ്കീമുകളുമായി ബന്ധപ്പെട്ട പമ്പ് ഓപ്പറേറ്റ് ചെയ്യുന്നതും, ഗാർഡൻ/ഡാം |

| | | | |
|---|---|---|---|
| | | | പരിസരത്തെ പരിപാലിക്കലുമാണ് എസ്.എൽ.ആർ ജീവനക്കാരുടെ പ്രാഥമിക ജോലികൾ |
| (സി) | മൈനർ ഇറിഗേഷനിലെ പ്രസ്തുത തസ്തികകളിലേക്ക് പി.എസ്.സി.വഴി നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇല്ല, എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി എസ്.എൽ.ആർ ജീവനക്കാരെ നിയമിക്കുന്നതിന് ചീഫ് എഞ്ചിനീയർ(ഐ&എ) നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മേപ്പടി എത്ര ജീവനക്കാരെ ഇതുവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിലുള്ള സ്റ്റാഫ് ഇൻഡക്സ് പ്രകാരം 944 പേരെ എസ്.എൽ.ആർ ജീവനക്കാരായി വകുപ്പിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**